ഉത്തരം

(എ) 6,61,333/- രൂപ.

(ബി) ഒരു കടവിൽനിന്നും 300 ലോഡ് മണൽ വാരിയിട്ടുണ്ട്. മറ്റ് രണ്ടു കടവുകളിൽ നിന്നും മണൽ വാരുന്നതിന് കോടതി നിരോധനം ഉണ്ടായതിനാൽ പി.ഫോം നൽകിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 1995-96, 1996-97, 1997-98 പഞ്ചായത്ത് നേരിട്ട് വാരിയത് - 13,26,394/- രൂപ

1998-99 - 12,50,592/- രൂപ

1999-2000 - 6,61,333/- രൂപ

ആകെ - 32,38,319 രൂപ

(ഇ) 1998-99 - ൽ 20,51,100/- രൂപ

1999-2000 - ൽ 19,84,000/- രൂപ

1995-96, 96-97, 97-98 എന്നീ വർഷങ്ങളിൽ പഞ്ചായത്ത് നേരിട്ട് മണൽ വാരുകയായിരുന്നു.

(എഫ്) തഹസീൽദാർമാർ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, പോലീസ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ പരിശോധന നടത്തുകയും നിയന്ത്രിക്കുകയും ചെയ്തുവരുന്നു.

120 (2276) കോയിപ്രം പഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ കോയിപ്രം പഞ്ചായത്തിൽ ജനകീയാസൂത്രണപദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 99-2000 വർഷത്തിൽ സർക്കാരിൽനിന്നും എന്തു തുക ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ നാളിതുവരെ എന്തുതുക ചെലവായിട്ടുണ്ട്;

(സി) ഓരോ മേഖലയ്ക്കും അനുവദിച്ച തുകയും ചെലവാക്കിയ തുകയും എത്രയാണെന്ന് അറിയിക്കുമോ;

(ഡി) സർക്കാരിൽ നിന്നും പദ്ധതി നടത്തിപ്പിനുവേണ്ടി അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ കഴിയുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) 27,21,344/- രൂപ.

(ബി) 20,09,104/- രൂപ.

(സി) ഉൽപ്പാദനമേഖലയ്ക്ക് ലഭിച്ച 8,16,403 രൂപയിൽ 5,82,104 രൂപ ചെലവഴിച്ചു. സേവന മേഖലയ്ക്കു 16,24,500 രൂപ ലഭിച്ചതിൽ 14,27,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിച്ചു. പശ്ചാത്തല മേഖലയിൽ 2,80,441 രൂപ അനുവദിച്ചെങ്കിലും തുക ഒന്നും ചെലവഴിച്ചിട്ടില്ല.

(ഡി) കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

121 (2277) ബി.ഡി.ഒ. തസ്തികയിലേക്കുള്ള പ്രൊമോഷൻ

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ഡി.ഒ. തസ്തികയിലേക്ക് പ്രൊമോഷനിലൂടെ അവസാന മായി നിയമനം നടത്തിയതെന്നാണ് എന്നറിയിക്കുമോ;

(ബി) അതിനുശേഷം ഈ തസ്തികയിൽ പ്രൊമോഷൻ നൽകാതിരു ന്നതിന് കാരണമെന്താണ് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സ് നിലവിൽ ഉണ്ടാ യിരുന്നുവോ;

(ഡി) ഈ കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

ഉത്തരം

(എ) റിട്ട് അപ്പീൽ 69/95-ലെ കോടതിവിധി പാലിക്കുന്നതിനായി 21-9-98-ലാണ് അവസാനമായി ബി.ഡി.ഒ. തസ്തികയിലേക്ക് പ്രൊമോഷൻ വഴി നിയമനം നടത്തിയത്.

(ബി) ഡി.പി.സി.യുമായി ബന്ധപ്പെട്ട് താൽക്കാലിക പ്രൊമോഷനെ തിരെ സ്റ്റേ ഉണ്ടായിരുന്നതിനാലാണ് അതിനുശേഷം പ്രൊമോഷൻ വഴി നിയമനം നടത്താതിരുന്നത്.

(സി) വി.ഇ.ഒ. മാർക്കൊപ്പം പ്രൊമോഷൻ സാദ്ധ്യതകൾ നൽകണമെ ന്നാവശ്യപ്പെട്ടുകൊണ്ട് ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി കെ. ഇന്ദിര തുടങ്ങിയവർ ഫയൽ ചെയ്ത ഒ.പി. 11869/99 നിലവിലുണ്ട്.

(ഡി) സർക്കാർ ഭാഗത്ത് നിന്ന് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് അഡ്വ ക്കേറ്റ് ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്. കേസ്സ് ഹൈക്കോടതിയുടെ പരിഗ ണനയിലാണ്.

122 (2278) വീട്ടുകരം വസൂലാക്കുന്ന നടപടി

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭ രണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ രണ്ടു ക്വാർട്ടറായിട്ടാണോ വീട്ടു കരം വസൂലാക്കുന്നത് എന്നറിയിക്കുമോ; ഓരോ ക്വാർട്ടറും എന്നുമുതൽ എന്നുവരെയാണ് എന്നു വ്യക്തമാക്കുമോ;

(ബി) വീട്ടുകരം അടയ്ക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ക്വാർട്ടറിലും ഏതൊക്കെ തീയതികളാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) നിശ്ചിത തീയതിക്കുള്ളിൽ കരം അടയ്ക്കാത്തവരിൽ നിന്നു പിഴപ്പലിശ ഈടാക്കുന്നുണ്ടോ; എങ്കിൽ ഏതു നിരക്കിൽ;

LIBRARY ARCHIVES Kerala Legislative Assembly